Kerala Gazette No. 26 dated 28th June, 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2260/എൽ. എ4/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 19.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള വനം (ഭേദഗതി) ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

ഏഴാം കേരള നിയമസഭ

ബിൽ നമ്പർ 9

1983-ലെ കേരള വനം (ഭേദഗതി) ബിൽ

1961-ലെ കേരള വനം ആക്ട് വീണ്ടും ഭേദഗതിചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.—1961-ലെ കേരള വനം ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത്, യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ മുപ്പത്തിനാലാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 1983-ലെ കേരള വനം (ഭേദഗതി) ആക്ട് എന്ന് പേർ പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. X എ എന്ന പുതിയ അദ്ധ്യായം കൂട്ടിച്ചേർക്കൽ.—1961-ലെ കേരള വനം ആക്ടിൽ (1962-ലെ 4) X-ാം അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

അദ്ധ്യായം X എ

വനവികസന നികുതി

75എ. വനവികസന നികുതി ചുമത്തൽ.—(1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിൽപനവഴി സർക്കാർ കൈയൊഴിച്ച് വനോൽപ്പന്നത്തെ സംബന്ധിച്ച്, അതിലേക്ക് നൽകിയ പ്രതിഫലത്തുകയുടെ അഞ്ചുശതമാനം നിരക്കിൽ നികുതി ചുമത്തുകയും, പിരിക്കുകയും ചെയ്യേണ്ടതാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിൽ ''വിൽപന'' എന്ന പദത്തിന് 1963-ലെ കേരള പൊതുവിൽപന നികുതി ആക്ടിൽ (1963-ലെ 15) അതിന് കൊടുത്തിരിക്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും വനോൽപന്നത്തെ സംബന്ധിച്ച് (1)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട നികുതി, അതിനു കൊടുത്ത പ്രതിഫലത്തോടൊപ്പം പിരിച്ചെടുക്കേണ്ടതാണ്.

(3) ഏതെങ്കിലും വനോൽപന്നത്തെ സംബന്ധിച്ച് (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തിയിരിക്കുന്ന നികുതി, 1963-ലെ കേരള പൊതു വിൽപന നികുതി ആക്ട് (1963-ലെ 15) പ്രകാരമോ തത്സമയം നിലവിലുള്ള മറേറതെങ്കിലും നിയമപ്രകാരമോ അതുപോലെയുള്ള വനോൽപന്നത്തെ സംബന്ധിച്ച് കൊടുക്കേണ്ടതായിട്ടുള്ള ഏതെങ്കിലും നികുതിക്കു പുറമേ ആയിരിക്കുന്നതും അതിനു പകരമായിട്ടല്ലാത്തതുമാകുന്നു.

75ബി. <u>കേരള വനവികസന ഫണ്ടിന്റെ രൂപവൽക്കരണം.</u>—(1) സംസ്ഥാനത്തിനുവേണ്ടി കേരള വനവികസന ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപവൽക്കരിക്കുന്നതാണ്. (ഇതിനുശേഷം ഈ വകുപ്പിൽ വികസനഫണ്ട് എന്നാണ് പരാമർശിക്കപ്പെടുക).

(2) 75എ വകുപ്പുപ്രകാരം ചുമത്തുകയും പിരിക്കുകയും ചെയ്ത നികുതിയുടെ വരവ് സംസ്ഥാന സഞ്ചിത നിധിയിലേക്ക് ആദ്യം നിക്ഷേപിക്കേണ്ടതും, സർക്കാർ തീരുമാനിക്കുന്നതുപോലെ പിരിക്കുന്നതിനുവേണ്ടിവന്ന ചെലവുകൾ കുറച്ചതിനുശേഷം, അവശേഷിക്കുന്ന തുക ഇതിനുവേണ്ടി നിയമംമൂലം യഥാവിധി നീക്കിവച്ചപ്രകാരം, വികസനഫണ്ടിലേക്ക് മാററുകയും, ചേർക്കുകയും ചെയ്യേണ്ടതാണ്.

(3) വികസനഫണ്ടിലേക്ക് മാററിയിട്ടുള്ള ഏത് തുകയും സംസ്ഥാന സഞ്ചിത നിധിയിൽ ചാർജുചെയ്യേണ്ടതാണ്.

(4) (5)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപോലെയല്ലാതെ, ഒരു തുകയും വികസനഫണ്ടിൽനിന്നും നൽകുന്നതിനോ ഉപയോഗിക്കുന്നതിനോ പാടില്ലാത്തതാകുന്നു.

(5) വികസനഫണ്ടിന്റെ ക്രഡിററിലുള്ള തുക താഴെ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടിയും താഴെ നിർദ്ദേശിച്ചിട്ടുള്ളിടത്തോളവും ഈ ആക്ററുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട വിധത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കു വിധേയമായും ചെലവഴിക്കേണ്ടതാണ്.

(എ) വ്യവസായത്തിനുവേണ്ടിയുള്ള അസംസ്കൃത പദാർത്ഥങ്ങളാകുന്ന പാഴ്‌വൃക്ഷങ്ങളും മററ് ഇനത്തിലുള്ള വൃക്ഷങ്ങളും വളർത്തുന്നതിന്, അറുപത്താറും മൂന്നിൽ രണ്ടുശതമാനവും;

(ബി) വനഗവേഷണത്തിനുവേണ്ടി മുപ്പത്തിമൂന്നും മൂന്നിൽ ഒന്ന് ശതമാനവും.

(6) സർക്കാർ കാലാകാലങ്ങളിൽ നൽകിയേക്കാവുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായി, ഫോറസ്ററ് ചീഫ് കൺസർവേററുടെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസർ സർക്കാരിനുവേണ്ടി വികസനഫണ്ട് കൈവശം വയ്ക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം

വ്യവസായത്തിനും വനഗവേഷണത്തിനും വേണ്ടിയുള്ള അസംസ്കൃത പദാർത്ഥങ്ങളായി ആവശ്യംവരുന്ന പാഴ്വൃക്ഷങ്ങളും മററ് ഇനത്തിലുള്ള വൃക്ഷങ്ങളും നട്ടുവളർത്തുന്നതിനുവേണ്ടി, സംസ്ഥാനത്തിന്റെ സാധാരണ വരുമാന മാർഗ്ഗങ്ങളിൽനിന്ന് വേണ്ടത്ര ഫണ്ട് കണ്ടുപിടിക്കുന്നതിന് വളരെ ബുദ്ധിമുട്ടുകൾ സർക്കാരിന് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ബുദ്ധിമുട്ട് തരണം ചെയ്യുന്നതിനുവേണ്ടി വനോൽപന്ന വിൽപനമൂലം കൈയൊഴിക്കുന്നതിൻമേൽ, വിൽപനയ്ക്ക് കിട്ടുന്ന പ്രതിഫലത്തുകയുടെ അഞ്ചുശതമാനം നിരക്കിൽ ഒരു നികുതി ചുമത്താൻ ഉദ്ദേശിക്കുന്നു. അപ്രകാരമുള്ള വിൽപനയ്ക്ക് 1963–ലെ കേരള പൊതുവിൽപന നികുതി ആക്ററ് പ്രകാരമോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമപ്രകാരമോ കൊടുക്കേണ്ടതായുള്ള നികുതിക്കുപുറമേയാണ് ഈ നികുതി ചുമത്താൻ ഉദ്ദേശിക്കുന്നത്.

2. കേരള വനവികസന ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപവൽക്കരിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുംകൂടി ഉദ്ദേശിക്കുന്നുണ്ട്. ആ ഫണ്ട് വ്യവസായങ്ങൾക്കും വനഗവേഷണത്തിനും വേണ്ടിയുള്ള അസംസ്കൃത പദാർത്ഥങ്ങളാകുന്ന പാഴ്വൃക്ഷങ്ങളും മററ് ഇനത്തിലുള്ള വൃക്ഷങ്ങളും നട്ടുവളർത്തുന്നതിനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്നതാണ്.

3. മേൽപറഞ്ഞ ആവശ്യങ്ങൾക്കുവേണ്ടി കേരള വനം ആക്ട് ഭേദഗതി ചെയ്യുന്നതിന് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നു.

ധനകാര്യ മെമ്മോറാണ്ഡം

ഈ ബില്ലിന്റെ 2–ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന പുതിയ വകുപ്പ് 75 എ പ്രകാരം ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്ന നികുതികൊണ്ട്, ഒരു വർഷത്തേക്ക് 150 ലക്ഷം രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു. നികുതി പിരിക്കുന്നതിനും, ശരിയായ കണക്കുകൾ സൂക്ഷിക്കുന്നതിനുംവേണ്ടി പത്ത് ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ സേവനം അധികം ആവശ്യമായി വരും. ഈ വകയിൽ അധികം വരുന്ന ചെലവ് ഒരു വർഷത്തിൽ ഏകദേശം 74,700 രൂപ ആയിരിക്കും. വികസനഫണ്ടിൽ വരുന്ന ബാക്കിതുക നിർദ്ദേശിച്ചിരിക്കുന്ന പുതിയ വകുപ്പ് 75 ബിയുടെ (5)–ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതായിരിക്കും. ഈ കാര്യത്തിനുവേണ്ടി ഒരു അധികച്ചെലവും പ്രതീക്ഷിക്കുന്നില്ല.

ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ഡം

ഈ ബില്ലിന്റെ 2-ാം ഖണ്ഡംമൂലം 1961–ലെ കേരള വനം ആക്ററിൽ (1962–ലെ 4) കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച X എ അദ്ധ്യായത്തിൻകീഴിലെ 75 ബി വകുപ്പിന്റെ (5)–ാം ഉപവകുപ്പ്, ഈ ആക്ററ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടപ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായും കേരള വനവികസന ഫണ്ടിന്റെ ക്രെഡിററിൽ

നിൽക്കുന്ന തുക ചിലവഴിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾക്കു വിധേയമായി ഫോറസ്റ്റ് ചീഫ് കൺസർവേറററുടെ പദവിയിൽ കുറയാത്ത ഒരു ആഫീസർ വികസന നിധി സർക്കാരിനുവേണ്ടി കൈവശം വയ്ക്കേണ്ടതും, കൈകാര്യം ചെയ്യേണ്ടതുമാണെന്ന് വ്യവസ്ഥചെയ്യുന്നതിന് മേൽപ്പറഞ്ഞ വകുപ്പിന്റെ (6)-ാം ഉപവകുപ്പുകൊണ്ട് ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അഥവാ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും ആ കാര്യങ്ങൾ ഭരണപരമായ സ്വഭാവത്തോടുകൂടിയതോ, സാധാരണ രീതിയിലുള്ളതോ, ആകുന്നു. ഏൽപിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം അങ്ങനെ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. പി. നൂറുദ്ദീൻ.

(ശരിത്തർജ്ജമ)

പി. ജഗദമ്മ,

അഡിഷണൽ ഹെഡ് ട്രാൻസ്‌ലേറ്റർ.

Kerala Gazette No. 26 dated 28th June 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയററ്

വിജ്ഞാപനം

നമ്പർ 2306/എൽ.എ4എ/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 21.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69–ാം ചട്ടപ്രകാരം, 1983–ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച (ഭേദഗതി) ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും, ധനകാര്യ മെമ്മോറാണ്ഡത്തോടും, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. ആർ. പ്രസന്നൻ,
സെക്രട്ടറി, നിയമസഭ.

1983-ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച (ഭേദഗതി) ബിൽ

1953–ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1953–ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 1983–ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച (ഭേദഗതി) ആക്ട് എന്ന് പേർ പറയാം;

(2) ഇത്, സർക്കാർ, ഗസററിൽ വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 24എ. എന്ന പുതിയ വകുപ്പ് ചേർക്കൽ.—1953–ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച ആക്ട് (1953–ലെ X), 24–ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്; അതായത്:—

"24എ. പുതുക്കുന്നതിനുള്ള ഫീസ്.—(1) ഈ ആക്ററുപ്രകാരം ഒരു രജിസ്ററിൽ ആദ്യമായി പേര് ചേർത്ത തീയതിമുതൽ അഞ്ച് വർഷത്തിനുശേഷം രജിസ്ററിൽ ഒരു പേര് നിലനിർത്തുന്നതിനുവേണ്ടി, കൗൺസിലിന് ഓരോ അഞ്ച് വർഷത്തേക്കും, പത്തുരൂപ പുതുക്കുന്നതിനുള്ള ഫീസായി ഓരോ രജിസ്ററിനെ സംബന്ധിച്ചും കൊടുക്കേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പുപ്രകാരം കൊടുക്കേണ്ട പുതുക്കുന്നതിനുള്ള ഫീസ്, നിർദ്ദേശിക്കപ്പെട്ടേക്കാവുന്ന രീതിയിൽ, ആ ഉപവകുപ്പിൽ പറയുന്ന അഞ്ചുവർഷക്കാലാവധിക്കുശേഷം വരുന്ന ഏപ്രിൽ (1)–ാം തീയതിക്കു മുൻപായി കൊടുക്കേണ്ടതാണ്;

എന്നാൽ ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്തതിനുശേഷം 1983-ലെ നഴ്സുകളെയും മിഡ്വൈഫുകളെയും, സംബന്ധിച്ച (ഭേദഗതി) ആക്റ്റ് നടപ്പിൽവന്ന തീയതിയിലോ അതിനു മുമ്പോ അഞ്ചുവർഷം പൂർത്തിയാക്കിയ ഏതൊരു വ്യക്തിയുടെ സംഗതിയിലും. പ്രസ്തുത ഫീസ്, അങ്ങനെ നടപ്പിൽ വന്നതുമുതൽ മൂന്നുമാസത്തിനകമോ അഥവാ സർക്കാർ, ഗസററ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന പ്രകാരം പിന്നീടുള്ള കാലത്തിനകമോ കൊടുക്കേണ്ടതാണ്.

(3) പുതുക്കുന്നതിനുള്ള ഫീസ്, യഥാവിധി കൊടുക്കേണ്ട തീയതിക്കു മുൻപായി കൊടുക്കാതിരിക്കുന്ന സംഗതിയിൽ, രജിസ്ട്രാർ, വീഴ്ച ക്കാരന്റെ പേര് രജിസ്ററിൽനിന്നും നീക്കം ചെയ്യേണ്ടതാണ്:

എന്നാൽ, അപ്രകാരം നീക്കം ചെയ്ത പേര് നിർണ്ണയിക്കാവുന്ന രീതിയിൽ നിർണ്ണയിക്കാവുന്ന പിഴയോടുകൂടി പുതുക്കുന്നതിനുള്ള ഫീസ് കൊടുക്കുമ്പോൾ, തിരിയെ ചേർക്കേണ്ടതാണ്.

(4) പുതുക്കുന്നതിനുള്ള ഫീസും, പിഴ ഏതെങ്കിലും ഉണ്ടെങ്കിൽ അതും കൂടി കൊടുക്കുന്ന സംഗതിയിൽ, രജിസ്ട്രാർ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു രസീത് കൊടുക്കേണ്ടതും, പ്രസ്തുത രസീത് ബന്ധപ്പെട്ട വ്യക്തിയുടെ രജിസ്ട്രേഷൻ പുതുക്കിയതിന് മതിയായ തെളിവാകുന്നതുമാണ്''.

ഉദ്ദേശകാരണങ്ങളുടെ വിവരണം

1953-ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച ആക്റ്റിൽ, ആ ആക്റ്റുപ്രകാരം രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കണക്കാക്കപ്പെട്ടതോ ആയ നഴ്സുകൾ, മിഡ്വൈഫുകൾ, ആക്സിലറി നഴ്സ്-മിഡ്വൈഫുകൾ, ഹെൽത്ത് വിസിറ്റർമാർ, പബ്ലിക് ഹെൽത്ത് നഴ്സുകൾ എന്നിവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. രജിസ്ട്രേഷൻ പുതുക്കുന്നതിനു വേണ്ടിയുള്ള ഒരു വ്യവസ്ഥയുടെ അഭാവത്തിൽ ഒരിക്കൽ രജിസ്ററിൽ രേഖപ്പെടുത്തിയ ഒരു വ്യക്തിയുടെ പേര്, അയാളുടെ മേൽവിലാസം മാറിയാലും, അയാൾ മരിച്ചുപോയാൽത്തന്നെയും ആദ്യം രജിസ്ററർചെയ്ത മേൽവിലാസത്തിൽത്തന്നെ രജിസ്ററിൽ തുടർന്നും കാണപ്പെടും. അതുകൊണ്ട്, രജിസ്ററർ ന്യൂനതയുള്ളതും, സ്ഥിതിവിവര കണക്കുകൾക്കുപോലും ആശ്രയിക്കാൻ പററാത്തതും ഉദ്ദേശിച്ച ലക്ഷ്യം നിറവേററാൻ സാധിക്കാത്തതുമാകുന്നു. നഴ്സുകൾ, മിഡ്വൈഫുകൾ തുടങ്ങിയവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് മതിയായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുവേണ്ടി ഇൻഡ്യൻ നഴ്സിംഗ് കൗൺസിലും കേരളാ നഴ്സസ് ആൻറ് മിഡ്വൈഫ്സ് കൗൺസിലും ശുപാർശ ചെയ്തിട്ടുണ്ട്.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേററുന്നതിനുവേണ്ടി 1953-ലെ നഴ്സുകളെയും മിഡ്വൈഫുകളെയും സംബന്ധിച്ച ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിലെ 1-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം, ഗസററ് വിജ്ഞാപനം മുഖേന, ഈ ആക്ററ് പ്രാബല്യത്തിൽവരുന്ന തീയതി നിശ്ചയിക്കാൻ ഗവൺമെൻറിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

ബില്ലിലെ 2-ാം ഖണ്ഡം മുഖേന ചേർക്കാൻ നിർദ്ദേശിക്കപ്പെട്ട 24എ എന്ന വകുപ്പ്, (2)-ാം ഉപവകുപ്പ്, പുതുക്കുന്നതിനുള്ള ഫീസ് നൽകേണ്ട രീതി നിർണ്ണയിക്കാൻ ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നു. ക്ലിപ്ത നിബന്ധനയിൽ പറയുന്ന മൂന്നുമാസക്കാലത്തിനുശേഷം ഏതു കാലാവധിക്കകമാണ് ചില ആളുകൾ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് കൊടുക്കേണ്ടതെന്ന് നിശ്ചയിക്കാൻ, പ്രസ്തുത ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത വകുപ്പ്, (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന, രജിസ്ററിൽനിന്നും പേര് നീക്കംചെയ്യപ്പെട്ട ആളുകളുടെ സംഗതിയിൽ, രജിസ്ററിൽ വീണ്ടും അവരുടെ പേര് ചേർക്കുന്നതിന് പുതുക്കുന്നതിനുള്ള ഫീസ് കൊടുക്കേണ്ട തീയതിയും അതോടൊപ്പം കൊടുക്കേണ്ട പിഴയും നിശ്ചയിക്കാൻ ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത വകുപ്പ് (4)-ാം ഉപവകുപ്പ്, പുതുക്കുന്നതിനുള്ള ഫീസും, പിഴ ഏതെങ്കിലും ഉണ്ടെങ്കിൽ അതും, അടയ്ക്കുമ്പോൾ രജിസ്ട്രാർ കൊടുക്കേണ്ട രസീതിന്റെ ഫാറം നിർണ്ണയിക്കാൻ ഗവൺമെൻറിനെ അധികാരപ്പെടുത്തുന്നു.

മുകളിൽ പറഞ്ഞ കാര്യങ്ങൾ, നടപടിക്രമങ്ങളെ സംബന്ധിച്ചവയോ, വിശദാംശങ്ങളെ സംബന്ധിച്ചവയോ ഭരണപരമായ സ്വഭാവമുള്ളവയോ ആണ്. അതുകൊണ്ട് ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

കെ. ജി. ആർ. കർത്താ

(ശരിത്തർജ്ജമ)

പി. ജഗദമ്മ,
അഡീഷണൽ ഹെഡ് ട്രാൻസ്ലേറർ

Kerala Gazette No. 26 dated 28th June 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2359/എൽഎ4/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 24.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള സിവിൽകോടതി (ഭേദഗതി) ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ഡത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

G. 950/MC.

1983—ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

1957—ലെ കേരള സിവിൽ കോടതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു
ബിൽ

പീഠിക.—1957—ലെ കേരള സിവിൽ കോടതി ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983—ലെ കേരള സിവിൽ കോടതി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11—ാം വകുപ്പിന്റെ ഭേദഗതി.—1957—ലെ കേരള സിവിൽ കോടതി ആക്ടിന്റെ, (1957—ലെ 1) 11—ാം വകുപ്പ് (2)—ാം ഉപവകുപ്പിൽ ''അയ്യായിരം രൂപ'' എന്ന വാക്കുകൾക്ക് പകരം ''പതിനയ്യായിരം രൂപ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

സംസ്ഥാനത്തുള്ള മുൻസിഫ് കോടതികളുടെ ധനപരമായ അധികാര പരിധി വളരെ വർഷങ്ങൾക്ക് മുൻപ് 5000 രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്. അതിനുശേഷം ഭൂമിയുടെയും മററു തർക്കവിഷയ വസ്തുക്കളുടെയും വില ഗണ്യമായി വർദ്ധിക്കുകയും തൽഫലമായി മുൻസിഫ് കോടതികളിൽ കൈകാര്യം ചെയ്യാമായിരുന്ന തർക്കങ്ങൾ തീർപ്പിനായി സബ് കോടതികളിലേക്ക് മാററേണ്ടതായും വന്നു. ഇത് യഥാക്രമം മുൻസിഫുമാരുടെ ജോലിഭാരം കുറയ്ക്കുകയും സബ് ജഡ്ജിമാരുടെ ജോലിഭാരം കൂട്ടുകയും സബ്കോടതികളില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുകയും ചെയ്തു. അതുകൊണ്ട് മുൻസിഫ് കോടതികളുടെ ധനപരമായ അധികാരപരിധി 15,000 രൂപ ആയി ഉയർത്താൻ ഉദ്ദേശിക്കുന്നു.

2. മുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യത്തിനുവേണ്ടി 1957—ലെ കേരള സിവിൽ കോടതി ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

വയലാർ രവി

(ശരിത്തർജ്ജമ)

പി. ജഗദമ്മ,
അഡീഷണൽ ഹെഡ് ട്രാൻസ്‌ലേറ്റർ.

Kerala Gazette No. 26 dated 28th June 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2431/എൽ. എ. 4/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 25.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ (റദ്ദാക്കൽ) ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

ഏഴാം കേരള നിയമസഭ

ബിൽ നമ്പർ 24

1983-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ (റദ്ദാക്കൽ) ബിൽ

1976-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ ആക്റ്റ് റദ്ദാക്കുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1976-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ ആക്റ്റ് റദ്ദാക്കുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ 34-ാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ (റദ്ദാക്കൽ) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 1982 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

2. 1976-ലെ 14-ാം ആക്റ്റ് റദ്ദാക്കൽ.—1976-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ ആക്റ്റ് (1976-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. 1976-ലെ 14-ാം ആക്റ്റുപ്രകാരമുള്ള ബാദ്ധ്യത നിർത്തലാക്കൽ.—ഈ ആക്റ്റിന്റെ പ്രാരംഭം മുതൽക്കുതന്നെ 1976-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ ആക്റ്റുപ്രകാരം (1976-ലെ 14) യാതൊരു വ്യക്തിയും തൊഴിലിൻമേലുള്ള നികുതി ഇനത്തിലോ, പിഴയായോ, ഫൈൻ ആയോ, പലിശയായോ അഥവാ ഫീസായോ എന്തെങ്കിലും തുക കൊടുക്കാൻ, പ്രസ്തുത ആക്റ്റ് നിയമമാക്കിയിരുന്നില്ലായെങ്കിൽ എന്നപോലെ കൊടുക്കാൻ ബാദ്ധ്യസ്ഥനല്ലാത്തതാകുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം

യഥാർത്ഥത്തിലുള്ള വരുമാനവും പിരിച്ചെടുക്കുന്നതിന് ചെലവാകുന്ന തുകയും, അതുസംബന്ധമായ ബുദ്ധിമുട്ടുകളും കണക്കാക്കുമ്പോൾ, ഈ നികുതി തുടർന്നുകൊണ്ടുപോകുന്നത്, പ്രയോജനമില്ലാത്തതാണെന്ന് സർക്കാർ കരുതുന്നതുകൊണ്ട് വർദ്ധിച്ച കുടിശ്ശിക പിരിക്കുന്നത് വേണ്ടെന്നു വയ്ക്കുന്നതിനും 1976-ലെ കേരള തൊഴിലിൻമേൽ നികുതി ചുമത്തൽ ആക്റ്റുപ്രകാരം ചുമത്തേണ്ടതായ നികുതി റദ്ദാക്കുന്നതിനും ഉദ്ദേശിക്കുന്നു എന്നു ധനകാര്യമന്ത്രി 1981 മാർച്ച് 20-ാം തീയതിയിലെ ബഡ്ജററ് പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി.

മേൽ പറഞ്ഞ നിർദ്ദേശത്തിന് പ്രാബല്യം കൊടുക്കുന്നതിനുദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി

(ശരിത്തർജ്ജമ)

പി. ജഗദമ്മ,
അഡീഷണൽ ഹെഡ് ട്രാൻസ്ലേററർ.

Kerala Gazette No. 26 dated 28th June 1983.
PART II

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2459/LA-4A/83. തിരുവനന്തപുരം, 1983 ഫെബ്രുവരി 26.

1983-ലെ ശ്രീപാദം ഭൂമി (ഭേദഗതി) ബിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ഡത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

C 973/MC

1983-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന (ഭേദഗതി) ബിൽ

1969-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ഇതിനുശേഷം പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി 1969-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന ആക്ട് ഭേദഗതി ചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. പുതിയ 7എ വകുപ്പു ചേർക്കൽ.—1969-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന ആക്റ്റ് (1969-ലെ 20) 7-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''7എ. സർക്കാരിന്റെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—ഗസറ്റ് വിജ്ഞാപനംമൂലം 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലോ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിലോ സർക്കാരിന് പതിച്ചുകൊടുക്കുന്നതിനുള്ള അവരുടെ അധികാരങ്ങൾ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി സർക്കാരിന്റെ ഏതെങ്കിലും ഓഫീസർക്കോ അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഓഫീസർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.''

ഉദ്ദേശകാരണങ്ങളുടെ വിവരണം

1969-ലെ ശ്രീപാദം ഭൂമി ബന്ധവിമോചന ആക്റ്റ് 6-ാം വകുപ്പു (2)-ാം ഉപവകുപ്പും 7-ാം വകുപ്പ് (2)-ാം ഉപവകുപ്പും യഥാക്രമം കുത്തകപ്പാട്ടമായും തരിശ് ആയും കൈവശമിരിക്കുന്ന ശ്രീപാദം ഭൂമികൾ സർക്കാർ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കുമുള്ള സ്ഥലം റിസർവ്വ് ചെയ്ത

തിനുശേഷം പതിച്ചുകൊടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. സർക്കാർ സ്ഥലം പതിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥ ആക്ററ് വേഗം നടപ്പാക്കുന്നതിൽ വളരെ പ്രയാസങ്ങൾ ഉളവാക്കി, അതുകൊണ്ട് പതിച്ചു കൊടുക്കുന്നതിനുള്ള അധികാരം സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഏൽപ്പിച്ചു കൊടുക്കാൻ വ്യവസ്ഥചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

2. മേൽപ്പറഞ്ഞ ആവശ്യം സാധിക്കുന്നതിനുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ഡം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം 1969-ലെ ശ്രീപാദം ഭൂമി ബന്ധ വിമോചന ആക്ററിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 7എ എന്ന വകുപ്പ് പ്രസ്തുത ആക്ററ് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പും 7-ാം വകുപ്പ് (2)-ാം ഉപ വകുപ്പുംപ്രകാരം . പതിച്ചുകൊടുക്കുന്നതിനുള്ള അധികാരം സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്കോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥൻമാർക്കോ ഏൽപ്പിച്ചുകൊടുക്കാൻ വ്യവസ്ഥചെയ്യുന്നു. പതിച്ചു കൊടുക്കലിന്ന് പ്രത്യേകം സ്ററാഫിനെ നിയമിക്കാനും ഉദ്ദേശിക്കുന്നു. ഏകദേശം രണ്ടു വർഷക്കാലത്തേക്ക് ഈ ആവശ്യത്തിനുള്ള വാർഷികച്ചെലവുകൾ 1,15,700 രൂപ വരുമെന്ന് കണക്കാക്കുന്നു.

ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം 1969-ലെ ശ്രീപാദം ഭൂമി ബന്ധ വിമോചന ആക്ററിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 7എ എന്ന വകുപ്പ് 6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരവും 7-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരവും സ്ഥലം പതിച്ചു കൊടുക്കുന്നതിനുള്ള സർക്കാരിന്റെ അധികാരങ്ങൾ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ഗസററ് വിജ്ഞാപനംമൂലം ആ വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഏൽപ്പിച്ചുകൊടുക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

വിജ്ഞാപനം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്ന കാരണങ്ങൾ ഭരണപരവും സാധാരണ സ്വഭാവത്തോടുകൂടിയതുമാണ്. അതുകൊണ്ട് ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. ജെ. ജോസഫ്,
റവന്യൂമന്ത്രി.

(ശരിതർജ്ജമ)

പി. ജഗദമ്മ,
അഡീഷണൽ ഹെഡ് ട്രാൻസ്‌ലേററർ.

Kerala Gazette No. 26 dated 28th June 1983.
PART IV

PROCEEDINGS OF THE DIRECTOR OF PRINTING AND STATIONERY (PRINTING) TRIVANDRUM-1

No. 12928/83/SS. *28th April,* 1983.

Sub:—Printing Department—Preliminary Gradation list of the Last Grade Employees as on 1-1-1983—Published.

Read:—(1) G.O.(P) No. 211/81/H. Edn. dated 18-12-1981.
(2) This Office proceedings No. 18406/82/SS dated 11-11-1982.
(3) This Office proceedings No. 34378/82/SS dated 11-11-1982.

ORDER

In the reference first cited, Government issued orders reorganising the staff pattern of various categories of posts in the technical sections of the Department. In the reference second cited, the cadre strength of the staff in the Last Grade Service of the Department has been fixed. In the reference third cited, orders have been issued nominating the eligible persons to the newly sanctioned higher grade posts. The employees have represented to prepare and publish an up to date gradation list of the staff of the Last Grade Service to know the rank and seniority of the employees in the Service.

The preliminary gradation list of the employees in the Last Grade Service in the Department (except Peons) is published for information of all concerned. Complaints, if any, against the rank, date of appointment, etc., should be preferred within a month from the date of publication of the list in the Gazette. Complaints not received within the stipulated time will not be considered.

P. K. Titus,

Director of Projects-in-charge of Director of Printing & Stationery (Printing).

To

All Assistant Superintendents/Deputy Superintendents of all Branch Presses for circulation among employees concerned.

All Trade Unions.

The Notice Board in all Government Presses.

G. 188/MC.

PRELIMINARY GRADATION LIST OF THE LAST GRADE EMPLOYEES AS ON 1-1-1983

I. Government Central Press, Trivandrum, Stamp Manufactory, Trivandrum, Central Prison Press, Trivandrum (Trivandrum Unit)

Sl. No.	Name of Incumbent	Qualifications — General	Qualifications — Technical	Date of birth	Date of earliest effective advice by P.S.C.	Date of entry into Government Service	Date of continuous service in the present post	Date of Confirmation	Remarks
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
	1. *Galley Pressman Grade I on Rs. 330-515—9 (GCP-8+SM-1)*								
1.	M. Thomas	Std. VII	..	11-5-1937	..	30-3-1968	18-12-1981	..	..
2.	K. Madhavan Pillai	Form IV	..	9-5-1940	..	18-2-1970	18-12-1981	..	..
3.	G. Sukumaran Nair	Studied upto Form V	Typewriting (Mal.) (L)	5-7-1933	..	1-4-1957	18-12-1981	..	..
4.	T. Ganesan Asari	Studied upto Class IV	..	23-3-1930	..	16-5-1972	18-12-1981	..	..
5.	G. Sivasankaran	Studied upto Form I	..	28-1-1933	..	11-9-1972	18-12-1981	..	..
6.	B. Nanappan Nair	Studied upto Form II	..	19-4-1937	..	11-9-1972	18-12-1981	..	..
7.	K. Parameswaran Nair	..	..	29-3-1928	..	7-8-1970	1-2-1982	..	..
8.	N. Madhavan	S.S.L.C. (failed)	..	7-3-1944	..	20-10-1970	1-5-1982	..	..
9.	N. Anirudhan Nair	..	..	..	..	..	1-6-1982	..	O.D as Printer Grade II.
10.	B. Madhavan Nair	..	..	..	..	..	25-11-1982	..	do. with effect from 25-11-1982
11.	S. Appukuttan Nair	Std. VII	..	17-4-1944	..	4-10-1968	25-11-1982	..	..

2. *Galley Pressman Grade II on Rs.* 310-490—17 (*GCP*—12+2 (*T*)+*SM*-3)

1.	M. Thomas	..	..	..	15-5-1972	O.D.
2.	K. Madhavan Pillai	..	..	..	8-10-1973	O.D
3.	G. Sukumaran Nair	..	..	..	25-4-1974	O.D.
4.	T. Ganesan Asari	..	..	..	25-5-1974	O.D.
5.	G. Sivasankaran	..	..	..	14-9-1974	O.D.
6.	B. Nanappan Nair	..	..	..	6-10-1974	O.D.
7.	K. Parameswaran Nair	..	..	..	8-4-1975	O.D.
8.	N. Madhavan	..	..	..	8-4-1975	O.D.
9.	N. Anirudhan Nair	..	..	..	7-4-1976	O.D.
10.	B. Madhavan Nair	..	..	..	7-4-1976	O.D.
11.	S. Appukuttan Nair	..	..	..	27-4-1976	O.D.
12.	P. Sukumaran	..	..	..	27-4-1976	O.D. as Printer with effect from 25-11-1982.
13.	R. Krishnankutty	Std. VII	27-4-1941	3-10-1968	27-4-1976	..
14.	R. Thankappan Nair	Std. VII	29-1-1932	2-3-1957	23-7-1976	..
15.	C. Johnson	..	23-4-1942	6-10-1969	23-7-1976	..
16.	P. Gopalakrishnan Nair	...	25-3-1939	3-8-1970	25-6-1979	Relinquished promotion once.
17.	A. Batharul Muneer	S.S.L.C. (failed)	15-5-1942	21-7-1971	23-12-1982	Relinquished promotion.
18.	K. Sudhakaran Nair	Studied upto Std. IX	7-9-1948	2-6-1973	1-12-1980	..
19.	K. Krishnan Nair	Std. VII	6-1-1939	7-2-1970	3-3-1981	..
20.	G. Raveendran	Studied upto Std. VIII	28-2-1942	31-3-1972	5-6-1981	..
21.	A. Thankayyan Nadar	S.S.L.C. (failed)	10-8-1937	3-8-1970	5-6-1981	..

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
22.	M Gopinathan	Studied upto Form V	..	26-10-1937	..	1-10-1974	5-6-1981	..	..
23.	G. Rajappan	Std. VII	..	30-4-1944	..	3-10-1968	25-10-1981	..	..
24.	V. Sankaran	Form III	..	24-5-1939	..	31-7-1970	22-11-1981	..	..
25.	M. Augustine	S.S.L.C.	..	8-6-1938	..	8-8-1966	22-5-1982	..	..
26.	M. Gopinathan Nair	S.S.L.C.	..	30-11-1944	..	30-3-1968	27-5-1982	..	..
27.	S. Krishnankutty	Std. VII	..	2-1-1948	..	11-6-1973	24-6-1982	..	..
28.	K. Chinnan	Std. VIII	..	20-12-1938	..	8-3-1972	23-12-1982	..	..
29.	G. Sivan Nair	Studied upto Std. IX (Old)	..	31-3-1943	..	15-4-1972	23-12-1982	..	..

3. *Counter Grade I on Rs.* 310-490—14 (*GCP*-13+*SM*-1.)

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
1.	R. Parameswaran Pillai	Class III	..	5-11-1923	..	27-4-1953	18-12-1981	..	..
2.	E. Krishuankutty Nair	Class IV	..	22-2-1928	..	27-4-1953	18-12-1981	..	..
3.	M. Damodharan	Class IV	..	27-3-1927	..	2-5-1955	18-12-1981	..	..
4.	K. Madhavan Pillai	..	..	..	..	..	18-12-1981	..	O.D. as Galley Pressman
5.	G. Sukumaran Nair	..	..	..	..	..	18-12-1981	..	do.
6.	C. Devadasan	S.S.L.C. (failed)	..	24-10-1943	..	13-5-1972	18-12-1981	..	..
7.	S. Appukuttan Nair	..	..	..	..	..	18-12-1981	..	O.D. as Galley Pressman
8.	M. Rasheed	Studied upto Std. X	..	17-1-1942	..	16-2-1972	18-12-1981	..	..
9.	N. Raveendran	Studied upto Std. VIII	..	3-6-1943	..	6-12-1968	18-12-1981	..	..
10.	P. Altosious	..	..	20-11-1942	..	14-7-1971	18-12-1981	..	..
11.	B. Vijayalekshmi	S.S.L.C. (failed)	..	15-6-1951	..	21-6-1974	18-12-1981	..	..
12.	K. Sudhakaran Nair	..	..	..	..	..	18-12-1981	..	O.D. as Galley Pressman

13.	K. Thankaraj	S.S.L.C. (failed)	..	29-5-1951	..	2-4-1975	18-12-1981	..	..
14.	R. Krishnankutty	..	..	..	..	..	18-12-1981	..	O.D. as Galley Pressman
15.	T. Santhakumari	..	..	..	..	..	18-12-1981	..	O.D. as Binder from 25-11-1982.
16.	G. Raveendran	..	..	..	..	..	18-12-1981	..	O.D. as Galley Pressman
17.	A. Thankayyan Nadar	..	..	..	..	..	18-12-1981	..	do.
18.	C. Pushpambika	Studied upto Std. VIII	..	28-5-1941	..	8-1-1976	18-12-1981	..	..
19.	P. Kolisam Beevi	Studied upto Std. IX.	..	26-5-1946	..	14-6-1976	18-12-1981	..	..
20.	P. Bhaskaran Nair	Form III	..	24-4-1936	..	24-1-1974	1-11-1982	..	..
21.	V. Sankaran	..	..	..	..	..	25-11-1982	..	O.D. as Galley Pressman
22.	S. Krishnankutty	..	..	..	..	..	25-11-1982	..	do.
23.	K. Chinnan	..	..	..	..	..	25-11-1982	..	do.
24.	A. Abdul Rahiman	..	..	..	..	..	25-11-1982	..	O.D. (Duplicator Operator)
25.	C. Sivan Nair	..	..	..	..	..	25-11-1982	..	do.
26.	K. Sukumaran Nadar	..	..	20-4-1944	..	10-2-1972	25-11-1982	..	..
27.	G. Surendran	Std. VIII	..	17-5-1942	..	20-3-1979	1-1-1983	..	..
	4. *Counter Grade-II on Rs.* 300-450—26 (*GCP*-21+*SM*-4+*CPP*-1)								
1.	R. Parmeswaran Pillai	..	..	..	..	..	2-9-1957	..	O.D.
2.	E. Krishnankutty Nair	..	..	..	..	..	2-9-1957	..	O.D.
3.	M. Damodharan	..	..	..	..	..	2-9-1957	..	O.D.
4.	K. Madhavan Pillai	..	..	..	..	..	10-5-1972	..	O.D. as Galley Pressman
5.	G. Sukumaran Nair	..	..	..	..	..	15-5-1972	..	do.

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
6.	C. Devadasan	..	..	..	..	..	16-10-1973	..	O.D.
7.	S. Appukuttan Nair	..	..	..	..	..	16-10-1973	..	O.D.
8.	M. Rasheed	..	..	..	..	..	26-4-1974	..	O.D.
9.	N. Raveendran	..	..	..	..	..	29-4-1974	..	O.D.
10.	P. Allosious	..	..	..	..	..	26-4-1974	..	O.D.
11.	B. Vijayalekshmi	..	..	..	..	..	21-6-1974	..	O.D.
12.	K. Sudhakaran Nair	..	..	..	..	..	10-2-1975	..	O.D. as Galley Pressman
13.	K. Thankaraj	..	..	..	..	..	2-4-1975	..	O.D.
14.	R. Krishnankutty	..	..	..	..	..	4-7-1975	..	O.D. as Galley Pressman
15.	T. Santhakumari	..	..	..	..	..	27-8-1975	..	O.D. as Binder.
16.	G. Raveendran	..	..	..	..	..	20-9-1975	..	O.D. as Galley Pressman. Acted as Galley Pressman from 23-4-1981 to 8-5-1981.
17.	A. Thankayyan Nadar	..	..	..	..	..	16-9-1975	..	O.D. as Galley Pressman
18.	C. Pushpambika	..	..	..	..	..	8-1-1976	..	O.D.
19.	P. Kolisam Beevi	..	..	..	..	..	14-6-1976	..	O.D.
20.	P. Bhaskaran Nair	..	..	..	..	..	21-7-1977	..	O.D.
21.	V. Sankaran	..	..	..	..	..	21-7-1977	..	O.D.
22.	S. Krishnankutty	..	..	..	..	..	4-1-1979	..	O.D.
23.	K. Chinnan	..	..	..	..	..	4-1-1979	..	O.D.
24.	A. Abdul Rehman	..	..	..	..	..	4-1-1979	..	O.D. as Duplicator Operator
25.	G. Sivan Nair	..	..	..	..	..	4-1-1979	..	O.D. as Galley Pressman
26.	K. Sukumaran Nadar	..	..	..	..	..	20-3-1979	..	O.D.

27.	G. Surendran	..	..	..	..	..	20-3-1979	..	O.D. from 1-1-1983
28.	V. Balakrishna Panicker	Studied upto Class X	..	20-4-1941	..	1-1-1974	2-7-1979	..	..
29.	A. Stephen	Std. VII	..	18-1-1945	..	9-10-1972	16-5-1981	..	..
30.	K. Velayudhan Nair	Studied upto IV Class	..	15-3-1944	..	30-3-1968	28-5-1981	..	..
31.	B. Chandrasekharan Nair	Studied upto Std. IX	..	2-9-1953	..	4-8-1976	16-5-1981	..	..
32.	G. Ajayakumar	S.S.L.C. (failed)	..	5-7-1951	..	17-11-1976	16-5-1981	..	..
33.	G. Krishna Pillai	Std. VIII	..	28-5-1941	..	2-1-1976	16-5-1981	..	..
34.	N. Benedict	..	..	28-4-1935	..	2-7-1962	17-5-1981	..	O.D. as L. D. Binder from 25-11-1982
35.	P. Soudamini	..	..	2-5-1944	..	1-1-1976	18-5-1981	..	..
36.	P. V. Nalinakshi	..	..	27-11-1940	..	2-1-1976	18-5-1971	..	O.D. as L.D. Binder from 25-11-1982
37.	M. Rahael	..	..	..	..	..	3-7-1981	..	O.D. as Binder
38.	M. J. Meenu Namboodiri	Form III	..	19-3-1949	..	7-2-1976	3-7-1981	..	..
39.	R. Ramachandran	..	..	..	..	..	3-7-1981	..	O.D. as L.D. Printer from 25-11-1982.
40.	K. Nanu Pillai	Class VII	..	10-6-1946	..	2-1-1976	1-9-1981	..	..
41.	G. Ayyappan Nair	Studied upto Std. VIII	..	29-3-1942	..	22-8-1965	1-9-1981	..	..
42.	K. Sukhamaniyan	Studied upto Std. IX	..	2-8-1940	..	28-10-1972	1-9-1981	..	..
43.	A. Badarul Muneer	..	..	..	..	..	20-10-1981	..	O.D. as Gall Pressman from 23-12-1982
44.	D. Aravindakshan	..	..	16-5-1956	..	27-4-1974	14-12-1981	..	..

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
45.	P. T. Ammini	Studied upto Std. VII	..	30-5-1941	..	21-6-1977	10-12-1981	..	..
46.	M. Anandavally Amma	Form IV	..	17-1-1939	..	11-7-1977	10-12-1981	..	..
47.	S. Jeenath Niza	Studied upto Std. VIII	..	15-1-1956	..	14-8-1978	14-1-1982	..	..
48.	A. Danamma	..	..	31-8-1940	..	11-5-1977	8-3-1982	..	..
49.	R. Vijayan Nair	S.S.L.C.	..	29-3-1930	..	2-1-1976	15-9-1982	..	..
50.	P. Ramachandran	S.S.L.C. (failed)	..	15-6-1953	..	17-5-1977	15-9-1982	..	..
51.	Vacant (8 posts)	..	..	..	..	..	..	..	..
	5. *Packer Grade I on Rs.* 310-490—10 *(GCP* 10)								
1.	Chellappan Pillai	..	..	23-10-1923	..	20-5-1953	18-12-1981	..	..
2.	V. Appukuttan	..	..	30-6-1928	..	2-4-1955	18-12-1981	..	..
3.	G. Appukuttan	Class II	..	28-6-1934	..	2-4-1955	18-12-1981	..	..
4.	S. Kolanthaswamy	Studied upto V Class	..	2-11-1935	..	2-4-1955	18-12-1981	..	..
5.	P. Sathyabhama Amma	Std. VII	..	1-6-1936	..	18-6-1970	18-12-1981	..	..
6.	K. Parameswaran Nair	..	..	..	..	..	18-12-1981	..	O.D. as Galley Pressman
7.	N. Madhavan	..	..	..	..	..	18-12-1981	..	do.
8.	N. Anirudhan Nair	..	..	..	..	..	18-12-1981	..	O.D. as L. D. Printer
9.	B. Madhavan Nair	..	..	..	..	..	18-12-1981	..	do.
10.	K. Kamalasanan	Studied upto Form III	..	28-6-1934	..	28-8-1962	18-12-1981	..	..
11.	C. Rajappan	..	..	..	..	..	18-12-1981	..	O.D. as Galley Pressman
12.	P. Sukumaran	..	..	..	..	..	18-12-1981	..	do.
13.	R. Krishnankutty	..	..	..	..	..	18-12-1981	..	do.
14.	K. Thankappan	..	..	5-2-1941	..	3-10-1968	18-12-1981	..	..
